പി.റ്റി.32728/2014

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 1.1.2015

**സർക്കുലർ നമ്പർ 2/2015**

വിഷയം: സഹകരണ വകുപ്പ്- സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തിരം സംഘടിപ്പിക്കുന്ന പരിശീലന പരിപാടികൾ ഉദ്യോഗസ്ഥർ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് നിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന: സർക്കുലർ നമ്പർ 56/09

സഹകരണ വകുപ്പിലെ ജനറൽ/ആഡിറ്റ് വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്കായി ഐ.എം.ജി, ഐ.സി.എം, അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികൾക്ക് ഉദ്യോഗസ്ഥർ കൃത്യമായി പങ്കെടുക്കേണ്ടതാണെന്നും വീഴ്ചവരുത്തിയാൽ നടപടി കൈക്കൊള്ളുന്നത് സംബന്ധിച്ചും സൂചനയിലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ മേലുദ്യോഗസ്ഥരുടെ അനുമതിയില്ലാതെ ഉദ്യോഗസ്ഥർ പരിശീലനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായും പരിശീലന കാലയളവിൽ എല്ലാ ദിവസവും പരിശീലനത്തിൽ പങ്കെടുക്കാതിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ താഴെപ്പറയും പ്രകാരം നിർദ്ദേശം പുറപ്പെടുവിക്കുന്നു.

പരിശീലനത്തിന് നിയോഗിക്കുന്ന എല്ലാ ഉദ്യോഗസ്ഥരെയും കൃത്യമായി മേലുദ്യോഗസ്ഥർ വിടുതൽ ചെയ്യേണ്ടതും, ഉദ്യോഗസ്ഥർ പരിശീലനത്തിന് പങ്കെടുക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതുമാണ്. പരിശീലനത്തിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് സംഘങ്ങളിലെ ഭരണ സമിതി തെരഞ്ഞെടുപ്പ്/കേസുകളിൽ പങ്കെടുക്കേണ്ട ആവശ്യം തുടങ്ങിയ ഒഴിവാക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ ടി വിവരം രേഖാമൂലം നിയന്ത്രണ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതും, അപേക്ഷയിലെ ആവശ്യം പരിഗണനാർഹമാണെങ്കിൽ പകരം ഉദ്യോഗസ്ഥരെ അയക്കുന്നതിന് മേലുദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ പ്രകാരം ഉദ്യോഗസ്ഥരെ ഒഴിവാക്കുന്ന പക്ഷം പകരം ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതും ടി വിവരം അടിയന്തരമായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

പരിശീലനത്തിന് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

പരിശീലനത്തിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ തക്കതായ കാരണം കൂടാതെയും മേലുദ്യോഗസ്ഥരുടെ അനുമതി ഇല്ലാതെയും പരിശീലനത്തിൽ പങ്കെടുക്കാതിരുന്നാൽ കൃത്യ വിലോപമായി കണക്കാക്കി അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ടി സർക്കുലർ വിഷയങ്ങൾ എല്ലാ ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ഒപ്പ്
എസ്. ലളിതാംബിക, ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1. എല്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും
2. എല്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
5. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
6. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
7. സഹകരണ വീഥി മാസികയിൽ പ്രസിദ്ധീകരിക്കുന്നതിന്
8. സ്പെയർ/ സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി/പി.റ്റി)

എ.കെ. 5.1.15